**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5106</u>** **<u>14-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>എയ്ഡഡ് മേഖലയിലെ അദ്ധ്യാപക തസ്തികയിൽ ഭിന്നശേഷി സംവരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കിയ അദ്ധ്യാപക തസ്തികയിൽ 2019 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, 18.11.2018 ലെ സ.ഉ. (പി) നം. 18/2018/സ.നീ.വ, 25.06.2022 ലെ സ.ഉ (കൈ) നം. 111/2022/ പൊ.വി.വ, 28.10.2022 ലെ ജെ3/49/2021/ പൊ.വി.വ നമ്പർ സർക്കാർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിച്ച് ബാക്ക് ലോഗ് തയാറാക്കി, അർഹരായവർക്ക് നിയമനം നൽകുന്ന മുറയ്ക്ക്, ഇതു സംബന്ധിച്ചുള്ള ബഹു ഹൈകോടതി വിധിയ്ക്കും സർക്കാർ നിർദേശങ്ങൾക്കും അനുസൃതമായി മറ്റ് നിയമനങ്ങൾ പുന:പരിശോധിച്ച് നിയമനം അംഗീകരിക്കുന്നതാണ്. ഇത്തരത്തിൽ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ